**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3067 | 10.05.2017 ൽ മറുപടിക്ക്

## ആർദ്രം മിഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | G.O.(Rt)N.845/2017/H&FWD Tvpm Dt. 28.3.2017 പ്രകാരം ആർദ്രം മിഷന്റെ ഭാഗമായുള്ള 170 കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്റർ ആയി ഉയർത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി ഫാമിലി ഹെൽത്ത് സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് പൂർത്തീകരിക്കുവാൻ കഴിയുക; | (എ) | ആർദ്രം മിഷന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്ന പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 7 കോടി രൂപയും, ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതിന് 23 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ തിട്ടപ്പെടുത്തി ഗ്യാപ്പ് അനാലിസിസ് നടത്തി പ്രൊപ്പോസലുകൾ തയ്യാറാക്കുന്ന നടപടി 14 ജില്ലകളിലും നടന്നു വരുന്നു. 2017-18 കാലഘട്ടത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദ വിവരം നൽകുമോ? | (ബി) | എൻ.എച്ച്.എം. എഞ്ചിനീയറിങ് വിഭാഗം വഴിയാണ് ഗ്യാപ്പ് അനാലിസിസ്സും, പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടിയും നടന്നു വരുന്നത്. ഇതിൻ പ്രകാരം ടെൻഡർ വിളിച്ച് ഏജൻസിയെ തീരുമാനിച്ച് പണി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ